ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 30.11.2024**

## പ്രധാനവാർത്തകൾ

1. **ക്ഷേമപെൻഷൻ വിഷയത്തിൽ ശക്തമായ നടപടി സ്വീകരിക്കുമെന്ന് തിരുവന്തപുരത്ത് വിളിച്ചു ചേർത്ത പ്രത്യേക യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ.**

2. **ഫെൻജൽ ചുഴലിക്കാറ്റ് ഇന്ന് പുതുച്ചേരിക്കും തമിഴ്നാടിനും ഇടയിൽ തീരം തൊടുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തമിഴ്നാട്ടിൽ ജാഗ്രത കർശനമാക്കി. കേരളത്തിൽ നാളെ ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രത.**

3. **ഗർഭസ്ഥ ശിശുവിൻ്റെ വൈകല്യം കണ്ടെത്താത്ത സംഭവത്തിൽ ആലപ്പുഴയിലെ രണ്ട് സ്കാനിംഗ് സെൻ്ററുകളുടെ ലൈസൻസ് ആരോഗ്യവകുപ്പ് റദ്ദാക്കി.**

4. **ഉന്നതവിദ്യാഭ്യാസമേഖലയിൽ സമഗ്രവും സമൂലവുമായ ദിശാമാറ്റം അനിവാര്യമെന്ന് മന്ത്രി ആർ ബിന്ദു.**

5. **ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് ഹൈദരാബാദ് - മുംബൈ സിറ്റി പോരാട്ടം.**

****************************************

## ക്ഷേമപെൻഷൻ - മുഖ്യമന്ത്രി

അനർഹമായി ക്ഷേമപെൻഷൻ വാങ്ങിയ സർക്കാർ ജീവനക്കാർക്കെതിരെ കർശന നടപടിയെടുക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തട്ടിപ്പ് നടത്തിയവർക്കെതിരെ വകുപ്പ് തലത്തിൽ അച്ചടക്ക നടപടിയെടുക്കുമെന്നും തിരുവനന്തപുരത്ത് വിളിച്ചു ചേർത്ത പ്രത്യേക യോഗത്തിൽ മുഖ്യമന്ത്രി പറഞ്ഞു. കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ചടപ്പിക്കും. അനർഹർ കയറിക്കൂടാൻ സാഹചര്യമൊരുക്കിയ ഉദ്യോഗസ്ഥർക്കെതിരെ നടപടിയുണ്ടാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു. ധനമന്ത്രി കെ എൻ ബാലഗോപാലും യോഗത്തിൽ പങ്കെടുത്തു.

**************************************

RNU TVPM

## ആലപ്പുഴ

ഗർഭസ്ഥ ശിശുവിൻറെ വൈകല്യം കണ്ടെത്താത്ത സംഭവത്തിൽ ആലപ്പുഴയിലെ 2 സ്കാനിംഗ് സെൻ്ററുകളുടെ ലൈസൻസ് റദ്ദാക്കി ആരോഗ്യവകുപ്പ്. സ്ഥാപനങ്ങൾ പൂട്ടി സീൽ ചെയ്തു. ഒരു സ്ഥാപനം റെക്കോർഡുകൾ ഒന്നും തന്നെ സൂക്ഷിച്ചിട്ടില്ലാത്തതായും പരിശോധനയിൽ കണ്ടെത്തി. സ്കാനിംഗിൻ്റെ റെക്കോർഡുകൾ 2 വർഷം സൂക്ഷിക്കണമെന്നാണ് നിയമം.

**************************************

## ആർ ബിന്ദു

ഉന്നതവിദ്യാഭ്യാസ മേഖലയിൽ സമഗ്രവും സമൂലവുമായ ദിശാമാറ്റം അനിവാര്യമെന്ന് മന്ത്രി ആർ ബിന്ദു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ അന്താരാഷ്ട്ര വിദ്യാഭ്യാസ കോൺക്ലേവിൻറെ നടത്തിപ്പിനായി

ചുമതലപ്പെടുത്തിയ കമ്മറ്റികളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. മന്ത്രി പി രാജീവും ചടങ്ങിൽ സംബന്ധിച്ചു.

*************************************

## രാഹുൽ-പ്രിയങ്ക - വയനാട്

വയനാട്ടിലെ ജനങ്ങളുടെ ആവശ്യങ്ങളും പ്രശ്നങ്ങളും പാർലമെൻറിൽ ഉന്നയിക്കുമെന്ന് പ്രിയങ്ക ഗാന്ധി എംപി. വയനാട് ലോക്സഭ മണ്ഡലത്തിലെ മുക്കത്ത് യു ഡി എഫ് പരിപാടിയിൽ സംസാരിക്കുകയായിരുന്നു അവർ. മുണ്ടക്കൈ ദുരന്തബാധിതർക്ക് വേണ്ടി എന്ത് ചെയ്യാൻ സാധിക്കുമെന്ന് ആലോചിക്കുന്നതായി ലോക്സഭാ പ്രതിപക്ഷ നേതാവും കോൺഗ്രസ് നേതാവുമായ രാഹുൽ ഗാന്ധി പറഞ്ഞു. എ.ഐ.സി.സി. ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ എം.പി, പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ തുടങ്ങിയവർ സംബന്ധിച്ചു.

RNU TVPM

*************************************

## മുഖ്യമന്ത്രി- ജയിൽ

ജയിൽ മോചിതരാകുന്നവർക്ക് ആത്മവിശ്വാസത്തോടെ ജീവിക്കാനുള്ള സാഹചര്യം പൊതുസമൂഹത്തിൽ സൃഷ്ടിക്കപ്പെടണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ശാരീരിക മർദനം, ഭയം, ഉത്കണ്ഠ, ചൂഷണം, മാനസിക സമ്മർദ്ദം എന്നിവയ്ക്ക് ജയിലിനുള്ളിൽ ഇടമുണ്ടാകാൻ പാടില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. സംസ്ഥാന ജയിൽ ഉപദേശക സമിതിയുടെ പ്രഥമ യോഗത്തോടനുബന്ധിച്ച് തൈക്കാട് ഗസ്റ്റ് ഹൗസിൽ നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയിരുന്നു മുഖ്യമന്ത്രി.

ജയിലുകൾ അന്തേവാസികൾക്ക് സുരക്ഷിതമായ വാസസ്ഥലമായിരിക്കണമെമെന്നും മുഖ്യമന്ത്രി പറഞ്ഞു.

************************************

## ഫെൻജൽ ചുഴലിക്കാറ്റ്

തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ രൂപംകൊണ്ട ഫെൻജൽ ചുഴലിക്കാറ്റ് ഇന്ന് രാത്രിയോടെ പുതുച്ചേരി തീരം തൊടുമെന്ന് കാലാവസ്ഥാ വിഭാഗം. ചുഴലിക്കാറ്റിൻറെ പശ്ചാത്തലത്തിൽ തമിഴ്നാട്ടിൽ ജാഗ്രത കർശനമാക്കി. താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്നവരെ ക്യാമ്പുകളിലേക്ക് മാറ്റി. ചെന്നൈ, ചെങ്കൽപട്ട്, കാഞ്ചീപുരം, ആരക്കോണം, തിരുവള്ളൂർ തുടങ്ങിയ ഇടങ്ങളിൽ അതിതീവ്ര മഴ തുടരുകയാണ്. റോഡ്, റെയിൽ, വ്യോമ ഗതാഗതത്തെ ചുഴലിക്കാറ്റ് ബാധിച്ചിട്ടുണ്ട്. ചെന്നൈ ബീച്ചിനും വേളാച്ചേരിക്കുമിടയിലുള്ള സബർബൻ സർവീസുകൾ നിർത്തിവച്ചു. ചെന്നൈ വിമാനത്താവളം താൽക്കാലികമായി അടച്ചിരിക്കുകയാണ്.

RNI TVPM

************************************

## മഴ

സംസ്ഥാനത്ത് അടുത്ത 4 ദിവസം ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യത. നാളെ ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. ആലപ്പുഴ മുതൽ മലപ്പുറം വരെയുള്ള ജില്ലകൾക്കാണ് ജാഗ്രതാ നിർദേശം. മറ്റന്നാൾ ഏഴ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്. തെക്കൻ കേരള തീരത്ത് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

************************************

## ക്ലീനിംഗ് റോബോട്ട് - ഇൻട്രോ

ടെർമിനൽ ശുചീകരണത്തിന് ക്ലീനിംഗ് റോബോട്ടുകളെ നിയോഗിച്ച് തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളം. ഇതാദ്യമായാണ് കേരളത്തിലെ എയർപോർട്ടുകളിൽ ഇത്തരം റോബോട്ടുകൾ ഉപയോഗിക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്...**

(വോയ്സ്)

***********************************

## കുഴൽപ്പണക്കേസ് - തിരൂർ സതീഷ്

കൊടകര കുഴൽപ്പണക്കേസിൽ ബിജെപി മുൻ ഓഫീസ് സെക്രട്ടറി തിരൂർ സതീഷിൻറെ മൊഴിയെടുപ്പ് പൂർത്തിയായി. തൃശൂർ പോലീസ് ക്ലബ്ബിലായിരുന്നു മൊഴിയെടുപ്പ്.

RNU TVPM

***********************************

## വി.ഡി സതീശൻ

വയനാട് പുനരധിവാസ വിഷയത്തിൽ കിട്ടിയ പണം ചെലവഴിക്കാതെയും പുനരധിവാസത്തിന് സ്ഥലം കണ്ടെത്താതെയും സംസ്ഥാന സർക്കാർ ചെയ്യുന്നത് ഗുരുതരമായ കൃത്യവിലോപമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. തുടക്കത്തിൽ കാണിച്ച ആവേശം സർക്കാർ ഇപ്പോൾ കാട്ടുന്നില്ലെന്നും അദ്ദേഹം കോഴിക്കോട് ആരോപിച്ചു.

***********************************

## ഹാജർ ബുക്ക്

സെക്രട്ടറിയേറ്റിൽ ജീവനക്കാരുടെ ഹാജർ ബുക്ക് ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ച് പൊതുഭരണ വകുപ്പ്. ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കിയ സാഹചര്യത്തിലാണ് തീരുമാനം. എന്നാൽ പഞ്ചിംഗ് സംവിധാനത്തിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ തുടർന്നും ഹാജർ ബുക്കിൽ ഹാജർ രേഖപ്പെടുത്തണമെന്നും അഡീഷണൽ ചീഫ്സെക്രട്ടറി പുറത്തിറക്കിയ ഉത്തരവിൽ പറയുന്നു.

*************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

RNUTVPM

*************************************

## കണ്ണൂർ - ഇൻട്രോ

തലശ്ശേരി മലബാർ കാൻസർ സെന്ററിൻറെ റീഹാബിലിറ്റേഷൻ ഓങ്കോളജി വിഭാഗത്തിൽ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിന് കൊച്ചി കപ്പൽശാലയുമായി ധാരണ. കപ്പൽശാലയുടെ സാമ്പത്തിക സഹായത്തോടെ കാൻസർ സെൻററിൽ ലോ ലെവൽ ലേസർ തെറാപ്പിക്ക് തുടക്കം കുറിക്കും.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ...**

(വോയ്സ്)

***********************************

## ഐ എസ് എൽ

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് മോഹൻബഗാൻ - ചെന്നൈയിൻ എഫ്സി പോരാട്ടം. രാത്രി 7.30ന് കൊൽക്കത്തയിലെ സാൾട്ട് ലേക്ക് സ്റ്റേഡിയത്തിലാണ് മത്സരം. മുംബൈ സിറ്റി എഫ്സിയും ഹൈദരാബാദ് എഫ്സിയും തമ്മിലുള്ള മത്സരം പുരോമഗിക്കുകയാണ്. മുംബൈ സിറ്റി ഒരു ഗോൾ നേടിയിട്ടുണ്ട്.

***********************************

## അണ്ടർ 19 ഏഷ്യാ കപ്പ്

അണ്ടർ 19 ഏഷ്യാ കപ്പിൽ പാകിസ്ഥാനെതിരായ ഏകദിന മത്സരത്തിൽ ഇന്ത്യയ്ക്ക് 43 റൺസിൻറെ തോൽവി. 282 റൺ വിജയലക്ഷ്യം പിന്തുടർന്ന് ഇറങ്ങിയ ഇന്ത്യയ്ക്ക് 47.1 ഓവറിൽ 238 റൺ മാത്രമേ നേടാനായുള്ളൂ. തിങ്കളാഴ്ച നടക്കുന്ന മത്സരത്തിൽ ഇന്ത്യ - ജപ്പാനെ നേരിടും. രാവിലെ 10.30 ന് ഷാർജ ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം.

RNU TVPM

***********************************

## സർവമത സമ്മേളനം

ലോകത്ത് ജനങ്ങളും രാഷ്ട്രങ്ങളും തമ്മിലുള്ള അസഹിഷ്ണുത വർധിക്കുന്ന സാഹചര്യത്തിൽ ശ്രീനാരായണ ഗുരുവിൻറെ സന്ദേശങ്ങൾക്ക് ഏറെ പ്രസക്തിയുണ്ടെന്ന് ഫ്രാൻസിസ് മാർപ്പാപ്പ. ശിവഗിരി മഠം വത്തിക്കാനിൽ സംഘടിപ്പിച്ച സർവമത സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. മത- വംശ- സാംസക്കാരിക

വ്യത്യാസങ്ങൾക്കപ്പുറം ലോകത്തെ ഓരോ മനുഷ്യനും ഒരേ കുടുംബത്തിലെ അംഗങ്ങളാണെന്ന സന്ദേശമാണ് ശ്രീനാരായണഗുരു നൽകിയതെന്നും ഫ്രാൻസിസ് മാർപ്പാപ്പ പറഞ്ഞു.

**************************************

## രാമചന്ദ്രൻ കടന്നപ്പള്ളി - കണ്ണൂർ

കണ്ണൂർ റെയിൽവേ സ്റ്റേഷനിലെത്തുന്ന യാത്രക്കാർ അനുഭവിക്കുന്ന തെരുവുനായശല്യത്തിന് പ്രായോഗികമായ പരിഹാരം കാണുമെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി. വിഷയത്തിൽ സർക്കാർ തലത്തിൽ ചെയ്യേണ്ട നടപടികൾ കൂടിയാലോചനയിലൂടെ ചെയ്യുമെന്നും തദ്ദേശ സ്ഥാപനവും റെയിൽവേയും നടപടികൾ പൂർത്തീക്കണമെന്നും ജില്ലാ വികസന സമിതി യോഗത്തിൽ മന്ത്രി പറഞ്ഞു.

RNU TVPM

**************************************

## എച്ച്.ഐ.വി- വീണാ ജോർജ്

2030 ഓടുകൂടി പുതിയ എച്ച്.ഐ.വി. അണുബാധ ഇല്ലാതാക്കുക എന്ന ലക്ഷ്യത്തിലെത്താൻ കേരളത്തിന് വളരെ വേഗം സാധിക്കുമെന്ന് മന്ത്രി വീണാ ജോർജ്. ഇതിനായി 'ഒന്നായ് പൂജ്യത്തിലേയ്ക്ക് ' എന്ന ക്യാമ്പയിനിലൂടെ പ്രവർത്തനം നടത്തിവരികയാണെന്നും മന്ത്രി വാർത്താക്കുറിപ്പിൽ അറിയിച്ചു. എച്ച്.ഐ.വി. ബാധിതരായവരിൽ മുഴുവൻ പേരുടേയും രോഗബാധ കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ ശക്തമാക്കുമെന്നും മന്ത്രി പറഞ്ഞു.

**************************************

## എം വി ഗോവിന്ദൻ

വിഭാഗീയത രൂക്ഷമായ കരുനാഗപ്പള്ളി ഏരിയ കമ്മറ്റി പിരിച്ചു വിട്ട് സിപിഐ(എം). കരുനാഗപ്പള്ളി സമ്മേളനത്തിലുണ്ടായത് തെറ്റായ പ്രവണതയാണെന്ന് സിപിഐ(എം) സംസ്ഥാനസെക്രട്ടറി എം വി ഗോവിന്ദൻ പറഞ്ഞു. നിലവിലെ കമ്മറ്റിക്ക് പാർട്ടിയെ നയിക്കാൻ കഴിയില്ലെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. കരുനാഗപ്പള്ളിയിൽ അഡ്ഹോക്ക് കമ്മറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ശ്രീ എം വി ഗോവിന്ദൻ പറഞ്ഞു.

**************************************

## ഇടുക്കി പാക്കേജ് - റോഷി അഗസ്റ്റിൻ

RNU TVPM

ഇടുക്കി പാക്കേജിൻറെ ഭാഗമായി ഫലപ്രദമായ പദ്ധതികൾ തയ്യാറാക്കി സമയബന്ധിതമായി നടപ്പാക്കണമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ. കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന ജില്ലാ വികസന സമിതി യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പ്രത്യേക യോഗം വിളിച്ച് ചേർക്കുമെന്നും മന്ത്രി അറിയിച്ചു.

**************************************

## കടന്നപ്പള്ളി രാമചന്ദ്രൻ

ചരിത്രശേഷിപ്പുകൾ സംരക്ഷിക്കേണ്ടത് കാലഘട്ടത്തിൻറെ ആവശ്യകതയാണെന്ന് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ. 219-ാമത് പഴശ്ശി ദിനാചരണവും അനുസ്മരണ സമ്മേളനവും വയനാട് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ചരിത്രം സൃഷ്ടിച്ച മഹാന്മാരുടെ ശേഷിപ്പുകൾ സംരക്ഷിക്കുക എന്നത് സർക്കാരിൻറെ ലക്ഷ്യമാണെന്നും മന്ത്രി പറഞ്ഞു.

**************************************

## മന്ത്രി പി. രാജീവ്

ഗുണമേന്മയുള്ള സേവനം നിശ്ചിത സമയത്തിനകം നല്കണമെന്നും അല്ലെങ്കിൽ അത് അഴിമതിയാകുമെന്നും മന്ത്രി പി. രാജീവ്. സംസ്ഥാന വിവരാവകാശ കമ്മിഷൻ നിയോജക മണ്ഡലങ്ങളിൽ സംഘടിപ്പിക്കുന്ന വിവരാവകാശ സെമിനാറുകളുടെ സംസ്ഥാനതല ഉദ്ഘാടനം എറണാകുളം കുസാറ്റിൽ നിർവ്വഹിക്കുകയായിരുന്നു മന്ത്രി. സേവനത്തിൻറെ ഗുണമേന്മ അളക്കുന്നത് നിർവ്വഹണത്തിൻറെ സമയം പരിഗണിച്ചാണെന്നും അതുറപ്പാക്കുന്നതാണ് വിവരാവകാശ നിയമമെന്നും മന്ത്രി പറഞ്ഞു.

*********************************************************

**************************************

***********************

RNU TVPM